# വാർത്തകളും കുറിപ്പുകളും

## 1. ആരാധനകൾ

പതിവ് പോലെ ഈ വർഷവും ഈസ്റ്റർ ദിനത്തിലെ നാല് ദിവ്യ ആരാധനകളും അനുഗ്രഹകരമായി നടത്തപ്പെട്ടു. ഏപ്രിൽ പകുതി മുതൽ ശനി, ഞായർ ദിവസങ്ങളിലെ യാത്രകൾക്ക് നിയന്ത്രണം വന്നതോടെ ചില പ്രയാസങ്ങൾ നേരിട്ടെങ്കിലും നമ്മുടെ ദിവ്യ ആരാധനകൾ നടത്തുന്നതിനും അതിന്റെ ലൈവ് സ്ട്രീമിംഗ് യാതൊരു തടസവുമില്ലാതെ അവരവരുടെ ഭവനങ്ങളിൽ ലഭ്യമാക്കുന്നതിനും സാധിപ്പിച്ച ദൈവകൃപ ഓർത്ത് സ്തോത്രം ചെയ്യുന്നു. അച്ചന്മാരെയും, നമ്മുടെ ടെക്നിക്കൽ ടീമിനെയും, ഗായക സംഘത്തെയും കൂടുതലായി ദൈവം അനുഗ്രഹിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യട്ടെ എന്ന് പ്രാർഥിക്കുന്നു.

## 2. വാർഷിക പൊതുയോഗവും അച്ചന്റെ യാത്ര അയപ്പും മാറ്റി വച്ചു

മഹാ ഇടവക ബിഷപ്പിന്റെ 23-04-2021 ലെ 01/2021 നമ്പർ സർക്കുലറിൽ "മേയ് 31 വരെ വാർഷിക പൊതുയോഗങ്ങൾ സംഘടിപ്പിക്കുവാൻ പാടുള്ളതല്ല" എന്ന് നിർദ്ദേശിച്ചത് അനുസരിച്ച് 2021 മേയ് 9 ഞായറാഴ്ച നടത്തുവാൻ തീരുമാനിച്ചിരുന്ന 2020-21 ലെ വാർഷിക പൊതുയോഗം മാറ്റി വച്ചു. "അച്ചന്മാരുടെ സ്ഥലം മാറ്റം മേയ് 19 ന് ഉണ്ടായിരിക്കുന്നതല്ല" എന്ന് മഹാ ഇടവക ബിഷപ്പിന്റെ അറിയിപ്പ് കിട്ടിയതനുസരിച്ച് മേയ് 16 ന് നടത്താനിരുന്ന ഇടവക വികാരി സി.വൈ. തോമസച്ചന്റെ യാത്ര അയപ്പ് യോഗവും മാറ്റി വച്ചു. യോഗ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## 3 . ഓൺലൈൻ വി. ബി. എസ്.

കോവിഡ് വ്യാപനത്തിന്റെ സാഹചര്യം കണക്കിലെടുത്ത് ഈ വർഷത്തെ വി.ബി.എസ്. ക്ലാസുകളും ഓൺലൈൻ ആയി നടത്തി. മേയ് 3 തിങ്കൾ മുതൽ 7 ശനി വരെ എല്ലാ ദിവസവും വൈകിട്ട് 6.30 മുതൽ 8 മണി വരെ നടത്തപ്പെട്ട ക്ലാസുകളിൽ 174 കുട്ടികൾ സംബന്ധിച്ചു. അനുഗ്രഹീതമായ വി.ബി.എസ്.ന് നേതൃത്വം നൽകിയ ഡയറക്ടർ ശ്രീ. സോജ് സൈമൺ (CSSM), ക്ലാസുകൾ നയിച്ച CEF സ്റ്റാഫ്, അധ്യാപകർ, സണ്ടേ സ്കൂൾ ഹെഡ് മാസ്റ്റർ ശ്രീ. വിനോദ് തോമസ്, സെക്രട്ടറി ശ്രീ.ജേക്കബ് തോമസ്, സൂം പ്ലാറ്റ്ഫോം കൈകാര്യം ചെയ്ത ശ്രീ. മാത്യു ജോൺ (ജോബിൻ) എന്നിവരോടുള്ള സഭയുടെ നന്ദി അറിയിക്കുന്നു.

## 4. ലോക്ക്ഡൌൺ കാലത്തെ ആരാധനകൾ

സംസ്ഥാനത്ത് മേയ് 8 മുതൽ വീണ്ടും സമ്പൂർണ്ണ ലോക്ക്ഡൌൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ദേവാലയം അടഞ്ഞു കിടക്കുകയാണല്ലോ. എന്നാൽ മേയ് 9, 16 ഞായറാഴ്ച്ചകളിലെ ആരാധനകൾ സൂം പ്ലാറ്റ്ഫോം ഉപയോഗിച്ച് നടത്തി, യൂ ട്യൂബ് ചാനലിൽ തത്സമയം ലഭിക്കത്തക്കവണ്ണം വാട്ട്സാപ്പ് വഴി അംഗങ്ങൾക്ക് അയച്ചു കൊടുത്തു. ഇതിന്റെ സാങ്കേതിക കാര്യങ്ങളെല്ലാം നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന ശ്രീ. എബി. പി. കുരുവിള, ശ്രീ. മെസ്സിൻ സക്കറിയാസ് എബ്രഹാം എന്നിവരോടുള്ള സഭയുടെ നന്ദി അറിയിക്കുന്നു.

**തോമസ് ബിജു മാത്യു**
സെക്രട്ടറി